പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5344 15.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്ന ധനസഹായം

**ചോദ്യം**

ശ്രീ.ടി.ജെ. വിനോദ്

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം എത്ര കോടി രൂപയാണ് സർക്കാർ ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിൽ പ്രതിമാസ പെൻഷൻ നൽകുന്നതിലേയ്ക്ക് ഏകദേശം 62 കോടി രൂപ ആവശ്യമാണ്. നിലവിൽ സർക്കാർ മുൻകൈയ്യെടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ കൃത്യമായി വിതരണം ചെയ്തു വരികയാണ്. ഇപ്രകാരം 2018-19 ലും 2019-20 ലും പെൻഷൻ വിതരണം ചെയ്ത വകയിൽ കൺസോർഷ്യത്തിന് 10% പലിശ സഹിതം ഇതുവരെ 11,11,63,08,003/- രൂപ (ആയിരത്തി ഒരുന്നൂറ്റി പതിനൊന്ന് കോടി അറുപത്തി മൂന്ന് ലക്ഷത്തി എണ്ണായിരത്തി മൂന്ന് രൂപ മാത്രം) ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള വായ്പാ ധനസഹായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇതുകൂടാതെ, പ്രതിമാസം 20 കോടി രൂപയുടെ വായ്പാ ധനസഹായവും സർക്കാർ അനുവദിക്കുന്നുണ്ട്. 2019 മെയ് മാസം വരെ ടി 20 കോടി രൂപ കെ.എസ്. ആർ.ടി.സി.യിൽ ശമ്പളവും വേതനവും വിതരണം ചെയ്യാൻ മാത്രമാണ് |
| (ബി) | നിലവിൽ അതിലെന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചിരുന്നത്. 2019 ജൂൺ മാസം മുതൽ, സർക്കാർ അനുവദിക്കുന്ന 20 കോടി രൂപയിൽ നിന്ന്, കെ.എസ്.ആർ.ടി.സി. ഓയിൽ കമ്പനികൾക്ക് നൽകുവാൻ കുടിശ്ശികയുള്ള തുകയും, എസ്.ബി.ഐ. ക്യാപ്സിന് കൺസോർഷ്യം വായ്പയുടെ ഫീ ഇനത്തിൽ നൽകുവാൻ ഉണ്ടായിരുന്ന കുടിശ്ശിക തീർക്കുന്നതിനും കൂടി ഉപയോഗിച്ചു വരികയാണ്. 2019 ഒക്ടോബർ മാസത്തെ ശമ്പളത്തിനായി അനുവദിച്ച തുകയിൽ നിന്ന് ഓയിൽ കമ്പനികൾക്ക് 3.5 കോടി രൂപയും, എസ്.ബി.ഐ ക്യാപ്സിന് 50 ലക്ഷം രൂപയും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഫീ ഇനത്തിൽ 1 കോടി രൂപയും ചേർത്ത് മൊത്തം 5 കോടി രൂപ കുടിശ്ശിക തീർക്കുവാനും 15 കോടി രൂപ ശമ്പളത്തിനായും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം, കെ.എസ്.ആർ.ടി.സി.യുടെ വിവിധ കുടിശ്ശികകൾ തീർക്കുന്നതിനായി 2019 ജൂൺ മുതൽ ഒക്ടോബർ മാസം വരെ ആകെ 19 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**